## ജി. എൽ. പി. എസ്
## പായിപ്പാട്

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

# അക്കാദമിക മാസ്റ്റർപ്ലാൻ

## ഗവ. എൽ. പി. എസ്. പായിപ്പാട്

### വിദ്യാലയം - പൊതുവിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | :- ഗവ. എൽ. പി. എസ്. പായിപ്പാട് |
| സർവ്വേ നമ്പർ | :- 42/1 |
| സ്കൂൾ കോഡ് | :- 35411 |
| ബി. ആർ. സി | :- ഹരിപ്പാട് |
| സി. ആർ. സി | :- ഗവ. യു. പി. എസ് വെള്ളംകുളങ്ങര |
| പഞ്ചായത്ത് | :- വീയപുരം |
| ബ്ലോക്ക് | :- ഹരിപ്പാട് |
| ജില്ല | :- ആലപ്പുഴ |
| പ്രഥമാധ്യാപികയുടെ പേര് | :- മഞ്ജുള. കെ. കെ. |
| ഫോൺ നമ്പർ | :- 9656808977 |
| ഇ-മെയിൽ ഐഡി | :- 35411haripad@gmail.com |
| അധ്യാപകർ | :- ലേഖ. എം. ഡി |
| | :- നിയത. എസ്. കുമാർ |
| | :- ആൻഡ്രു വിജയൻ |
| PTCM | :- വരദകുമാരി. G |
| SMC പ്രസിഡന്റ് | :- ഷാം[redacted] |
| കുട്ടികളുടെ എണ്ണം | :- 47 |
| വിസ്തീർണ്ണം | :- 44.460 സെന്റ് |

# ആമുഖം

സാമൂഹിക സാമ്പത്തിക മേഖലകളിൽ പിന്നാക്കം നിൽക്കുന്ന കുറച്ചു കുടുംബങ്ങളിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. കുട്ടികൾക്കാവശ്യമായ പിന്തുണ നൽകാൻ കഴിയാത്ത രക്ഷിതാക്കളുമുണ്ട്. അതുകൊണ്ടു തന്നെ പാഠ്യാനുബന്ധസാമഗ്രികൾ വായനാസാമഗ്രികൾ, മെച്ചപ്പെട്ട ഭക്ഷണം എന്നിവ കുട്ടികൾക്കു നൽകുന്നതിൽ സ്കൂൾസ്റ്റാഫ് ഒരേ മനസ്സോടെ പ്രവർത്തിക്കുന്നു.

ഇപ്പോൾ സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി   കുട്ടികളും പ്രീപ്രൈമറിയിൽ 18 കുട്ടികളുമാണുള്ളത്. ആകെ 5 ക്ലാസ്മുറികളും ഒരു High tech മുറിയുമുണ്ട്. ഓഫീസ് റൂം ഇല്ലാത്തതിനാൽ High tech ക്ലാസ്മുറിയുടെ ഒരു ഭാഗത്തായാണ് ഓഫീസ് ക്രമീകരിച്ചിട്ടുള്ളത്. പാചകപ്പുര, കുട്ടികൾക്കാവശ്യമായ ടോയ്‌ലറ്റ് എന്നിവയുണ്ട്. പായിപ്പാട് യു.പി. സ്കൂളിനോട് ചേർന്നുള്ള ഭാഗമൊഴികെയുള്ളിടത്ത് ചുറ്റുമതിലുണ്ട്. എന്നാൽ സ്കൂൾ കോമ്പൗണ്ടിലുള്ള ദുരിതാശ്വാസ കേന്ദ്രം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന, വിദ്യാഭ്യാസപരമല്ലാത്ത സ്ഥാപനങ്ങൾ സ്കൂൾ സുരക്ഷയ്ക്ക് ഭീഷണിയാണ്.

ഒരു ഡസ്ക്ടോപ്പ്, ഒരു ലാപ്ടോപ്പ് 2 പ്രൊജക്ടർ എന്നിവ സ്കൂളിലുണ്ട്. ഇവയെല്ലാം കുട്ടികളുടെ പഠനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

സ്കൂളിന്റെ മുൻഭാഗത്തെ മുറ്റം ഇന്റർലോക്ക് ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് കളിക്കാൻ സ്ലൈഡർ, ഊഞ്ഞാൽ ഇവയുണ്ട്.

പ്രീപ്രൈമറിക്കായി ഒരു ക്ലാസ്മുറിയുണ്ട്. ഒരു ഓഫീസ്മുറി, ഡൈനിംഗ്ഹാൾ എന്നിവ ആവശ്യമാണ്. എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കിയിട്ടുണ്ട്. LP ക്ലാസുകളിലേക്ക് 4 അധ്യാപകർ പ്രീപ്രൈമറിയിലേക്ക് 2 അങ്ങനെ ആകെ 6 അധ്യാപകരുൾപ്പെടെ 8 സ്റ്റാഫ് സ്കൂളിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നു.

വിയപുരം ഗ്രാമപഞ്ചായത്ത് പദ്ധതി പ്രകാരം പ്രീപ്രൈമറി ഉൾപ്പെടെ എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുന്നുണ്ട്. നിലവിൽ സ്കൂളിലെ ഉച്ചഭക്ഷണം പാചകം ചെയ്യുന്നത് ശ്രീമതി ശാന്തമ്മയാണ് പ്രഭാതഭക്ഷണവും തയ്യാറാക്കി നൽകുന്നത്. അതുകൊണ്ട് തന്നെ എല്ലാ കുട്ടികൾക്കും സ്വാദിഷ്ടവും പോഷകസമൃദ്ധവുമായ പ്രഭാതഭക്ഷണം ലഭിക്കുന്നുണ്ട്.

# വള്ളീം പുള്ളീം

## മലയാള ഭാഷാ പ്രവർത്തനങ്ങൾ

# ഭാഷാവികസനം

ഭാഷാവികസനത്തിനുള്ള പൊതുലക്ഷ്യങ്ങൾ, എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും കഴിവുള്ളവരാവുക. കുട്ടികളെ അതിന് പ്രാപ്തരാക്കുക. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമയ ശേഷി നേടുന്നുവെന്ന് ഉറപ്പാക്കുക. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും സർഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനും ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. മികച്ച വായനാശീലം വളർത്തുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ് ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു.

ആശയാവതരണരീതിയിലൂടെ ഭാഷാവികാസം ലക്ഷ്യമിടുന്ന ഈ കാലഘട്ടത്തിൽ കുഞ്ഞുമക്കളുടെ ഭാവനയെ ഉണർത്തിയെടുക്കാൻ സഹായിക്കുന്ന നല്ലൊരുപാധിയാണ് ചിത്രങ്ങൾ. ഓരോ ചിത്രങ്ങളും ഓരോ കുട്ടികളിലും വ്യത്യസ്ത ആശയങ്ങൾ ഉണർത്തുന്നു

ആയതിനാൽ 2025-26 അക്കാദമിക വർഷത്തിൽ ഞങ്ങൾ "വളരുന്ന ചിത്രം" എന്ന പ്രവർത്തനം അവതരിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ

* ജൂൺ മുതൽ മാർച്ച് വരെയുള്ള ഓരോ മാസങ്ങളിലും ഓരോ ആശയത്തെ ആസ്പദമാക്കി ഓരോ ചിത്രങ്ങൾ നൽകുന്നു.

* 1, 2 ക്ലാസിലെ കുട്ടികൾക്ക് കഥ, കവിത, സംഭാഷണം തുടങ്ങി ഏതെങ്കിലും വ്യവഹാര രൂപം എഴുതുവാനും അവസരം നൽകുന്നു.

ഇവയെല്ലാം ചേർത്ത് ഓരോ ക്ലാസിലും ഓരോ മാസവും ഓരോ മാഗസിൻ തയ്യാറാക്കുന്നു. മാർച്ച് മാസം വിദ്യാലയത്തിനായ് ഒരൊറ്റ മാഗസിൻ തയ്യാറാക്കുന്നു.

കുട്ടികളുടെ ഭാവനലോകത്തിന് ഉണർവേകാനും അവരുടെ ഭാഷാവികാസം ലക്ഷ്യമിട്ടും ക്ലാസ്റൂം പ്രവർത്തനങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ഓരോ കുട്ടിയും ഓരോ മാഗസിൻ തയ്യാറാക്കുന്നു. വ്യക്തിഗതമായി തയ്യാറാക്കിയ ഈ മാഗസിൻ പഠനോത്സവദിവസം പ്രദർശിപ്പിക്കുന്നു.

## ലക്ഷ്യങ്ങൾ

* പഠിച്ച പാട്ടുകൾ, കഥകൾ എന്നിവ ക്ലാസിൽ അവതരിപ്പിക്കുന്നു.

* പാഠഭാഗത്തിലെ നിശ്ചിത ഭാഗങ്ങൾ ദൃശ്യാവിഷ്കാരം.

* സ്വന്തം അനുഭവങ്ങൾ എഴുതുകയും ചിത്രീകരിക്കുകയും ചെയ്യുക.

* ക്ലാസിലെ മുഴുവൻ കുട്ടികളും തെറ്റില്ലാതെ വായിക്കാനും എഴുതാനും പഠിപ്പിക്കൽ. (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ)

## പ്രവർത്തന ഘട്ടങ്ങൾ.

ക്ലാസിൽ പാട്ടരങ്ങ്, കഥയരങ്ങ് എന്നിവ സംഘടിപ്പിച്ച് 3, 4 കുട്ടികൾ ഒരു ദിവസം അവതരിപ്പിക്കുന്നു. പാഠഭാഗങ്ങൾ തുടങ്ങുന്നതിന് മുൻപെ അതിലെ ചില ഭാഗങ്ങൾ ദൃശ്യാവിഷ്കാരത്തിലൂടെ ക്ലാസിൽ അവതരിപ്പിക്കുന്നു.

പ്രവർത്തന കാലയളവ്

ജൂൺ - മാർച്ച്

തനതുപ്രവർത്തനം

## 'വള്ളീം പുള്ളീം'

1, 2 ക്ലാസുകളിലെ കുഞ്ഞുങ്ങളുടെ ഭാഷാവികസന പ്രവർത്തനമായി ഈ വർഷം അവതരിപ്പിക്കുന്ന പരിപാടിയാണ് "വള്ളീം പുള്ളീം". അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയിലൂടെ വാക്കുകളിലേക്കും വാക്കുകളിൽ നിന്നും ചെറിയ വാക്യങ്ങളിലേക്കും ക്രമേണ വ്യവഹാരരൂപങ്ങളിലേക്കും കുട്ടികളെ എത്തിക്കുന്ന ജൂൺ മുതൽ മാർച്ച് വരെ നീണ്ടുനിൽക്കുന്ന ദൈനംദിന ഭാഷാപരിപോഷണ പരിപാടിയാണ് 'വള്ളീം പുള്ളീം'

'വള്ളീം പുള്ളീം' ക്ലാസിൽ രൂപപ്പെടുന്ന മികച്ച ഭാഷാനിർമാണ പ്രവർത്തനങ്ങൾ ക്ലാസ് അസംബ്ലിയിലും ബാലസഭയിലും കോർണർ PTA വേദിയിലും പുനരവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കും തുടർന്ന് ഏറ്റവും മികച്ച മാതൃകകൾ പഠനോത്സവ വേദിയിലും അവതരിപ്പിക്കും

1 3 7 9 0

6 8

സംഖ്യകൾ 5

● കൂട്ടുകാർ

■ ▲ ■

× ÷ +

−

=

100



# ഗണിത പ്രവർത്തന ലക്ഷ്യങ്ങൾ

ഗണിതശാസ്ത്ര ലക്ഷ്യങ്ങൾ അടിസ്ഥാന ഗണിതക്രിയകളിലെല്ലാം എല്ലാ കുട്ടികൾക്കും പ്രാവിണ്യം ഉറപ്പിക്കുന്നതിലും ഗണിതത്തെ യഥാർത്ഥ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഓരോ ക്ലാസിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നത് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നത് പാഠ്യപദ്ധതിയുടെ വിന്യാസത്തിൽ നിർണായകമാണ്. എല്ലാ കുട്ടികളിലും ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ വളർത്തുന്നതിലൂടെ വൈജ്ഞാനിക വികസനത്തിന് ഊന്നൽ നൽകുന്നു. ഗണിത പഠനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2025 - 2026 അധ്യായന വർഷത്തെ ഗണിത പ്രവർത്തനങ്ങൾ.

# ഗണിതപ്പെട്ടി ഒരുക്കാം

ഓരോ ക്ലാസിലേക്കും ഓരോ ഗണിതപ്പെട്ടിയും ഓരോ കുട്ടിക്കും ഉപയോഗിക്കത്തക്കവിധം തയ്യാറാക്കുന്നു. ഓരോ ക്ലാസിലും ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട സാമഗ്രികളാണ് ഗണിതപ്പെട്ടിയിൽ ഒരുക്കേണ്ടത്.

ഉദാ:
- വ്യത്യസ്ത വലിപ്പമുള്ള ചതുരകാർഡ്
- ജിയോ ബോർഡ്
- ഈർക്കിൽ
- സ്കെയിൽ
- മഞ്ചാടി സഞ്ചി
- സമചതുര കട്ടകൾ
- സ്കെയിൽ
- നിറം നൽകാനുള്ള സാമഗ്രികൾ
- കളിനോട്ടുകൾ
- ടാൻഗ്രാം ചിത്രം
- പശ
- കത്രിക

## ഗണിത ശില്പശാല

ജ്യോമെട്രിക്കൽ ചാർട്ട്, സ്റ്റിൽമോഡൽ നമ്പർ ചാർട്ട്, പസിൽ, എന്നിവയ്ക്കായി ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രത്യേകം ശില്പശാലകൾ നടത്തുന്നു. പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.

## ഗണിതമേള

ഒരു പ്രത്യേക ദിവസം തെരഞ്ഞെടുത്ത് മറ്റു മേളകൾക്കൊപ്പമല്ലാതെ ഗണിതത്തിനു മാത്രമായി ഒരു മേള നടത്തുന്നു. ഗണിത പ്രശ്നോത്തരി, ഗണിത ചാർട്ട്, ജ്യോമെട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട്, പസിൽ, വസ്തുക്കൾ നിർമ്മിക്കൽ, തുടങ്ങി ഗണിതവുമായി ബന്ധപ്പെട്ട് മത്സരങ്ങൾ, പ്രദർശനങ്ങൾ. ഗണിത ഒപ്പന എന്നിവ സംഘടിപ്പിക്കുന്നു

## Maത്തുTTY

ആഴ്ചയിൽ ഒരുദിവസം സ്കൂളിലെ പ്രത്യേകമായൊരിടത്ത് കുട്ടികൾക്കായി രസകരവും യുക്തിചിന്ത ഉണർത്തുന്നതുമായ ഒരു പ്രശ്നം എഴുതിയിടുന്നു

വൈകുന്നേരമാവുമ്പോഴേക്കും കുട്ടികൾ ഉത്തരം കണ്ടെത്തി എഴുതി ബോക്സിൽ നിക്ഷേപിക്കുന്നു. മൂന്ന്, നാല് ക്ലാസിലെ കുട്ടികൾക്കായുള്ള പ്രവർത്തനമാണിത്. അവരുടെ നിലവാരത്തിനനുസരിച്ചുള്ള ചോദ്യങ്ങളാണ് നൽകുന്നത്. ശരിയുത്തരം എഴുതിയവരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തി 'Little star' ആയി പ്രഖ്യാപിക്കുന്നു.

## ഗണിത അസംബ്ലി

സ്കൂളിൽ എല്ലാ മാസവും ഒരു ഗണിത അസംബ്ലി നടത്തുന്നു. ഗണിത പ്രാർത്ഥന, ഗണിത ക്വിസ്, ഗണിത കടംകഥ, ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ, ഗണിതവുമായി ബന്ധപ്പെട്ട വാർത്തകൾ എന്നിവ ഉൾപ്പെടുത്തുന്നു.

ENGLISH

BUDDIES

# English

In English language education, the main communication objectives are to enable all children to communicate confidently and to provide ample opportunities for expression in English. The project amis to help students read and write English independently. the project involves arranging simple English books in class reading corners and the school library, and planning production workshops with the help of parents to prepare the necessary resources to present lessons in the "Hello English" model.

| Aim | Activity |
| --- | --- |
| * Identify the colours and write their names | • colour songs<br>• video related to different colours |
| * To know different concepts<br>eg:- Big, small, up, down, far, near | • picture<br>• object related games |
| * Self introduction | • To know about me and myself.<br>• Growing sentence. |
| * collection of pictures | • make an album |
| * Picture description | • write simple words describing any picture. |
| * Speaking | • conduct role play<br>• Readers theater |

## English Buddies

English Buddies is a project started this year to increase awareness of the English language. It is organized every day at intervals of one and a half hours. It is organized in the form of words, sentences and dialogues. It is an activity for children in class three and four.

## English assembly

English assembly is held in the school once a week. It will include some forms of discourses like,

short story
conversation
speech
poem

# ശാസ്ത്രകൗതുകം

# പരിസരപഠനം

പരിസരപഠനത്തിനായുള്ള ലക്ഷ്യങ്ങൾ
ശാസ്ത്രീയ താത്പര്യം വളർത്തുന്നതിലും
ശാസ്ത്രീയ അവബോധവും മനോഭാവവും
വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള
അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രി
യാശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നത്
നൈപുണ്യ വികസനത്തിൽ ഉൾപ്പെടുന്നു.
ലാബ് ആധുനികവത്കരണവും ഈ പദ്ധതി
ലക്ഷ്യമിടുന്നു.

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന
വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ്
കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസര-
പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക്
പ്രവർത്തനങ്ങൾ
പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ
കണ്ടെത്തണം. പരീക്ഷണ നിരീക്ഷണങ്ങളിൽ
ഏർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം
വളർത്തേണ്ടത് നമ്മുടെ കടമയാണ്.
സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹി-
ഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള
മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ
പൗരന്മാരാക്കി മാറ്റുക.

## പ്രവർത്തനങ്ങൾ

### എന്റെ വിദ്യാലയം ശുചിത്വ വിദ്യാലയം

ക്ലാസ് മാലിന്യങ്ങൾ ജൈവം, അജൈവം എന്നിങ്ങനെ തരംതിരിച്ച് ക്ലാസിൽ നിക്ഷേപിക്കുന്നു. ഇത് മോണിറ്റർ ചെയ്യുന്നതിനായി 3, 4 ക്ലാസിലെ കുട്ടികളെ ഉൾപ്പെടുത്തി ഗ്രീൻ ആർമി രൂപീകരിക്കുന്നു. കുട്ടികളുടെ നേതൃത്വത്തിൽ ക്ലാസ് മാലിന്യങ്ങളും ഭക്ഷണമാലിന്യങ്ങളും കാര്യക്ഷമമായി തരംതിരിച്ച് സംസ്കരിക്കുന്നു. വിദ്യാലയത്തെ മാലിന്യങ്ങൾ തരംതിരിക്കലും സംസ്കരണവും കൃത്യമായി മോണിറ്റർ ചെയ്ത് പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്നു.

* വിദ്യാലയത്തെ ഹരിതവത്കരിക്കുന്നു.
* പ്രാദേശിക ചെടികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പൂന്തോട്ടം നിർമ്മിക്കുന്നു.

## ഔഷധത്തോട്ടം

പ്രാദേശികമായി ലഭ്യമായ ഔഷധസസ്യങ്ങളുടെ പരിപാലനം സ്കൂളിലും കുട്ടികളുടെ വീടുകളിലും ഉറപ്പുവരുത്തുന്നു.

ജൈവ – സ്കൂൾ ഉച്ചഭക്ഷണത്തിലേക്കായി പ്രാദേശികമായി ലഭ്യമായ വിത്തുകൾ

ഉപയോഗിച്ച് കുട്ടികളും അധ്യാപകരും രക്ഷിതാക്കളും കൂടി പച്ചക്കറിക്കൃഷി ചെയ്യുന്നു.

## Zero Sweets Zero Waste

കുട്ടികൾ അവരുടെ ജന്മദിനങ്ങൾ പോലെയുള്ള ആഘോഷപരിപാടികളിൽ Sweets കൊണ്ടുവരുന്നതിന് പകരമായി പച്ചക്കറി, പുസ്തകങ്ങൾ, ചെടികൾ എന്നിവ സ്കൂളിലേക്ക് നൽകുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി.

× —— × —— × —— × —— ×

2025-26 അധ്യയനവർഷത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

## ലക്ഷ്യങ്ങൾ

* ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടുക കുട്ടികളിൽ ശാസ്ത്രീയമനോഭാവം വളർത്തുക.
* നമുക്ക് ചുറ്റുമുള്ള പ്രകൃതിയെ അറിയുക.
* സ്വന്തം നാടിനെ അറിയുക.
* ഔഷധസസ്യങ്ങളെക്കുറിച്ച് ധാരണ വളർത്തുക. അവ സംരക്ഷിക്കാനുള്ള മനോഭാവം വളർത്തുക.
* പൊതുകാര്യങ്ങളിൽ ധാരണ വളർത്തുക.

## പ്രവർത്തനങ്ങൾ

- ലിറ്റിൽ സൈന്റിസ്റ്റ് ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും ലഘുപരീക്ഷണങ്ങൾ നടത്തുന്നു. ലിറ്റിൽ സൈന്റിസ്റ്റിനെ കണ്ടെത്തുന്നു ശാസ്ത്രദിനത്തിൽ അഭിനന്ദിക്കുന്നു.
- പ്രകൃതിയിലേക്കിറങ്ങുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. (പ്രകൃതിനടത്തം)
- സ്വന്തം നാടിന്റെ, പഞ്ചായത്തിന്റെ ഭൂപടവായന. പൊതുസ്ഥാപനങ്ങൾ സന്ദർശനം
- പഴമയിലെ തനിമ, ഔഷധത്തോട്ട നിർമ്മാണം, സംരക്ഷണം, ഔഷധസസ്യങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ. നാട്ടുമരുന്ന് ശേഖരണം. ... യാത്ര നടത്തൽ.
- ശാസ്ത്രകൗതുകങ്ങൾ ഉണർത്തുന്ന ചോദ്യങ്ങൾ നൽകി കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തുന്നു.
- അറിഞ്ഞുയരാം... ദിനാചരണങ്ങളുടെ ഭാഗമായും അല്ലാതെയും ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന ചോദ്യങ്ങൾ നൽകുന്നു. ക്വിസ് നടത്തുന്നു.

## കാലയളവ്

ജൂൺ മുതൽ മാർച്ച് വരെ.